**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2864** **25-06-2024 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾക്ക് നൽകിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങൾക്കായി കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ എത്ര കോടി രൂപയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങൾക്കായി കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ ആകെ 394,99,34,903/- രൂപ റവന്യൂ(ദേവസ്വം) വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ ദേവസ്വം ബോർഡ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡ് - 144,96,00,000/-<br><br>കൊച്ചിൻ ദേവസ്വം ബോർഡ് - 26,38,33,153/-<br><br>മലബാർ ദേവസ്വം ബോർഡ് - 223,50,01,750/-<br><br>കൂടൽമാണിക്യം ദേവസ്വം - 15,00,000/-<br><br>കൂടാതെ ശബരിമലയുടെ വികസനത്തിനായി ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിയ്ക്ക് കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ ആകെ 77,99,41,242/- രൂപ കൂടി അനുവദിച്ചിട്ടുണ്ട്.<br><br>മേൽ പരാമർശിച്ച തുകയ്ക്ക് പുറമെ ശബരിമലയ്ക്കായി ഓരോ മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലത്തും പോലീസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകൾ തുക അനുവദിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ